## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1056.** 30.01.2019 **ൽ മറുപടിയ്ക്ക്**

## ലഹരി വസ്തുക്കളുടെ വിതരണം തടയുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് ലഹരി മരുന്ന് മാഫിയ നടത്തുന്ന ലഹരി വസ്തുക്കളുടെ വിതരണം തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണം നടത്തുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും, പി.റ്റി.എ. യുടെയും, പൊതുജനങ്ങളുടെയും സഹകരണത്തോടെ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം കർശന പരിശോധനകൾ നടത്തി വിദ്യാർത്ഥികൾക്ക് മയക്കമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്ക് പരമാവധി ശിക്ഷ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് കഴിഞ്ഞ വർഷം എത്ര രൂപയുടെ നിരോധിത ലഹരി വസ്തുക്കൾ പിടികൂടിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഉദ്ദേശം 650 കോടി രൂപയുടെ നിരോധിത ലഹരി വസ്തുക്കൾ പിടികൂടിയിട്ടുണ്ട്. |
| (സി) | ലഹരി മരുന്ന് കേസുകളിൽ പിടികൂടുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ലഹരിമരുന്ന് കേസുകളിൽ പിടിയിലാകുന്നവർക്ക് കടുത്ത ശിക്ഷ ലഭിക്കുന്നതിനായി കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ് നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ലഹരി മരുന്ന് മാഫിയയെ നേരിടുന്നതിനായി എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ഡി) | ലഹരി മരുന്ന് മാഫിയെ നേരിടുന്നതിനായി എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും നിരീക്ഷണങ്ങൾ നടത്തുന്നുണ്ട്. എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ലഹരി പദാർത്ഥങ്ങൾ കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**